## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 30.01.2018-ൽ |
| ചോദ്യം നമ്പർ - 1147 | മറുപടിയ്ക്ക് |

## പുതിയകാവ്- പള്ളിക്കൽ റോഡ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാജേഷ്** | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിലെ പുതിയകാവ് - പള്ളിക്കൽ റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ; | (എ) പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബിയിൽ നിന്നും 18.15 കോടി രൂപയ്ക്ക് അനുമതി നൽകുകയും, സാങ്കേതികാനുമതി നൽകി 13.12.2017-ന് ടെണ്ടർ ക്ഷണിയ്ക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച കരാറുകാരുടെ സാങ്കേതിക യോഗ്യതാ പരിശോധന പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി എന്ന് വ്യക്തമാക്കുമോ? | (ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിന്റെ കീഴിൽ 42.695 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ